## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-234 — 11.06.2012-ൽ മറുപടിയ്ക്ക്

**വരവട്ടൂർ പാണനടിയിൽ വീട്ടിൽ ആസിയ എന്ന യുവതിയുടെ കൊലപാതകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ചേലക്കര മണ്ഡലത്തിൽ ചെറുതുരുത്തി പോലീസ് സ്റ്റേഷൻ പരിധിയിൽ വരവട്ടൂർ പാണനടിയിൽ വീട്ടിൽ ആസിയ എന്ന യുവതി കൊലചെയ്യപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കൊലപാതകം സംബന്ധിച്ച് ഇതേവരെ നടന്നിട്ടുള്ള അന്വേഷണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) & (സി) | ഈ കൊലപാതകം സംബന്ധിച്ച് ചെറുതുരുത്തി പോലീസ് സ്റ്റേഷൻ ക്രൈം നം.334/2011 u/s 449, 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് വടക്കാഞ്ചേരി സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തി വരവേ ഈ കേസ് കൂടുതൽ അന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും Cr.No.898/CR/HHW-II/EKM/2011 പ്രകാരം റീ നമ്പർ ചെയ്ത് അന്വേഷിച്ച് വരികയുമാണ്. ഈ കേസിലെ സംഭവസ്ഥലം സയന്റിഫിക് അസിസ്റ്റന്റും ഡോഗ് സ്ക്വാഡും പരിശോധന നടത്തിയിട്ടുള്ളതും വീട്ടുടമയേയും പരിസരവാസികളേയും വിശദമായി ചോദ്യം ചെയ്തിട്ടുള്ളതും ആസിയ മരണപ്പെടുന്നതിനു ഉദ്ദേശം 15 ദിവസത്തിനുമുമ്പ് സാമ്പത്തിക സഹായം ചെയ്തുകൊടുക്കാമെന്നു പറഞ്ഞു ചെന്നിരുന്ന ഒരാളുടെ രേഖാചിത്രം തയ്യാറാക്കി പരസ്യപ്പെടുത്തിയിട്ടുള്ളതും പോസ്റ്റ്മോർട്ടം സമയത്ത് മോർച്ചറി പരിസരത്തു കാണപ്പെട്ട അപരിചിതരായ രണ്ടാളുകളെക്കുറിച്ച് അന്വേഷണം നടത്തി കണ്ടെത്തി വിശദമായി ചോദ്യം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ അന്നേ ദിവസം ബാംബൂ കർട്ടൻ വിൽപ്പനയ്ക്കായി പരിസരത്തു വന്നിരുന്നവരെ കണ്ടെത്തി ചോദ്യം ചെയ്തിട്ടുള്ളതും മരണപ്പെട്ട ആസിയയുടെ ഭർത്താവും ബന്ധുക്കളും ചില സമീപ വാസികളും ഉപയോഗിച്ചിരുന്ന മൊബൈൽ ഫോൺ കോൾ വിവരങ്ങൾ ശേഖരിച്ച് പരിശോധന നടത്തിയിട്ടുള്ളതും, പ്രേതവിചാരണ സമയത്തും ഫോറൻസിക് അസിസ്റ്റന്റ് സംഭവസ്ഥലം പരിശോധിച്ച സമയത്തും ബന്തവസ്സിലെടുത്ത മുതലുകളും ആസിയയുടെ ഫോണിലേയ്ക്ക് ഭർത്താവിന്റെ |
| (സി) | പ്രസ്തുത കേസിൽ കുറ്റവാളികളെ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും കണ്ടെത്തുവാൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള കാരണങ്ങളും വെളിപ്പെടുത്താമോ ? | | |

അനുജൻ എസ്.എം.എസ് അയയ്ക്കാൻ ഉപയോഗിച്ചിരുന്നതും ബന്തവസ്സിലെടുത്തതുമായ മൊബൈൽ ഫോൺ എന്നിവ കോടതി വഴി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അയച്ചിട്ടുള്ളതും ആയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ ആസിയായുടെ ഭർത്താവിനേയും അനുജൻ അബ്ദുൾ റഷീദിനേയും പോളിഗ്രാഫ് ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അന്വേഷണം ഊർജ്ജിതമായി തുടർന്നു വരുന്നു. ഇതുവരെയുള്ള അന്വേഷണത്തിൽ കുറ്റവാളികളാരെന്ന് വെളിവായിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

സെക്ഷൻ ഓഫീസർ.